മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

ജീവനക്കാര്യം: വൈസ്-ചാൻസിലറുടെ അധികാരം രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവർക്ക് നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ 1 സെക്ഷൻ

നം.3039/എ1/2/2017/ഭരണവിഭാഗം　　　　തീയതി, പ്രിയദർശിനി ഹിൽസ്, 22.05.2017

---

സൂചന: 1. വൈസ്-ചാൻസിലറുടെ നോട്ട് നമ്പർ VC 702/096/2017 തീയതി 09.05.2017
2. രജിസ്ട്രാറുടെ നോട്ട് നമ്പർ Regr./03/543/2017 തീയതി 15.05.2017 വൈസ്-ചാൻസിലറുടെ ഉത്തരവ് സഹിതം
3. സർവ്വകലാശാല ഉത്തരവ് നമ്പർ 4999/AI/2/2014/Admn തീയതി 08.10.2014

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 ലെ, സ്റ്റാറ്റ്യൂട്ട് 14 A അദ്ധ്യായം 2 പ്രകാരം വൈസ്-ചാൻസിലറുടെ അധികാരം പ്രോ-വൈസ്-ചാൻസിലർ, രജിസ്ട്രാർ, ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ (I) എന്നിവർക്ക് നൽകി കൊണ്ട് സൂചന (3) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രോ-വൈസ്-ചാൻസിലറുടെ സർവ്വകലാശാലയിലെ നിയമന കാലാവധി 22.04.2017 ൽ കഴിഞ്ഞതിനാൽ മേൽ സൂച്ചിപ്പിച്ചിരിക്കുന്ന സർവ്വകലാശാല ഉത്തരവ് പ്രകാരം പ്രോ-വൈസ്-ചാൻസിലർക്ക് നൽകിയിരുന്ന അധികാരം മഹാത്മാഗാന്ധി സർവ്വകലാശാല 1997 ലെ സ്റ്റാറ്റ്യൂട്ട് 14 A അദ്ധ്യായം 2 പ്രകാരം താഴെ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ രജിസ്ട്രാർക്കും പരീക്ഷാ കൺട്രോളർക്കും നൽകി കൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഇതിൻ പ്രകാരം സൂചന (3) ലെ സർവ്വകലാശാല ഉത്തരവിൽ താഴെ പറയുന്ന രീതിയിൽ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

1. ക്രമ നമ്പർ 2, 7, 8, 9, 13, 16, 17, 18, 19, 20, 21, 22, 24, 25, 27 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ രജിസ്ട്രാർക്ക് നൽകിയിരിക്കുന്നു.

2. ക്രമ നമ്പർ 3, 4, 5, 12, 15, 23 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ പരീക്ഷാ കൺട്രോളർക്ക് നൽകിയിരിക്കുന്നു.

സൂചന (3) ലെ സർവ്വകലാശാല ഉത്തരവിലെ ക്രമ നമ്പർ 1, 6, 10, 11, 14, 26, 28 ൽ പരാമർശിച്ചിരിക്കുന്ന അധികാരം വൈസ്-ചാൻസിലറിൽ നിലനിർത്തിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:
1. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
3. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
5. പബ്ലിക് റിലേഷൻസ് ഓഫീസർ
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. റിക്കോഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ എഡി.എ1-2-30-2014